മിസ്റ്റർ ഐ. എൻ. മേനോൻ.—അധഃകൃത വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനും മറ്റും സംഖ്യ കൊടുക്കുന്ന സമ്പ്രദായം തന്നെയാണ ഇപ്പോഴും നിലവിലിരിക്കുന്നത". എന്നാൽചില സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കി കൊടുക്കുന്നുമുണ്ട്.

Improvements made by Depressed Classes.

623. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതർ പൂർവ്വികമായി താമസിച്ചുവരുന്ന സ്ഥലത്തു് അവർ വല്ല ദേഹണ്ഡങ്ങളും മറ്റും ഉണ്ടാക്കീട്ടുള്ളതിനു് ന്യായമായ പ്രതിഫലം അവർക്കു കൊടുപ്പിക്കുവാൻ സംരക്ഷകൻ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ്?

രാമവർമ്മതമ്പുരാൻ—മറ്റുള്ള കുടിയാന്മാർക്കു കിട്ടുന്നതുപോലെയുള്ള ന്യായമായ പ്രതിഫലം ഇവർക്കും ലഭിക്കുന്നതാണ്. അങ്ങിനെ അല്ലാതെ ആക്ഷേപങ്ങൾ കിട്ടിയ സംഗതികളിൽ തരിയായ നടപടികൾ നടത്തുന്നുമുണ്ട്.

Ill-treatment—Depressed Classes.

624. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതരെ അടിമകൾ എന്നു തോന്നിച്ചു് നിർബ്ബന്ധമായി മർദ്ദിക്കുന്ന വിവരം ഇപ്പോഴത്തെ സംരക്ഷകൻ വല്ല വിധത്തിലും അറിഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അധഃകൃതരെ ദേഹോപദ്രവം ചെയ്യുന്നതായി ചില ഹർജ്ജികൾ കിട്ടിയിട്ടുണ്ടു് അതിനു് അപ്പോഴപ്പോൾ വേണ്ട നടപടികളും നടത്തിയിട്ടുണ്ടു്.

Concessions—Depressed Class students.

625. മിസ്റ്റർ കെ.പി. വള്ളോൻ.—അധഃകൃതവിദ്യാർത്ഥികൾക്കു് മുമ്പിനും മറ്റും അനുവദിച്ചിട്ടുള്ള സംഖ്യ സംഖ്യയായിതന്നെ കൊടുക്കുവാൻ ഗവർമ്മെണ്ടിനു് വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—സംഖ്യയായികൊടുത്താൽ ഒരു പയോഗപ്പെടുത്തുവാൻ ഇടയുള്ളതുകൊണ്ടു് മുണ്ടുവാങ്ങികൊടുക്കുകയാണു ചെയ്യുന്നത്.

Contracts—Depressed c asses.

626. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലുള്ള കണ്ടാക്ടു് ഉദ്യോഗം എന്നിവകൾ സംരക്ഷകന്റെ സ്വന്തം ജാതിക്കാക്കു കൊടുക്കുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ.—സ്വന്തം ജാതിക്കാക്കും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. പി വള്ളോൻ.—സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലുള്ള കൺട്രാക്ടുകൾ അധികവും അധഃകൃത സംരക്ഷകൻ തന്റെ സ്വന്തം ജാതിക്കാക്കുമാത്രം അല്ലേ കൊടുത്തുവരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ—സ്വന്തം ജാതിക്കാക്കും കൊടുക്കുന്നുണ്ടെന്നു് ഇതിൽ പറഞ്ഞിട്ടുണ്ടു്

മിസ്റ്റർ കെ. പി. വള്ളോൻ.—എന്നാൽ ഇപ്പോഴം കൊടുത്തിട്ടുള്ളതിൽ അധികവും സ്വന്തം ജാതിക്കാക്കു മാത്രമല്ലേ കൊടുത്തിട്ടുള്ളു.

രാമവമ്മതമ്പുരാൻ:—വിവരം വരുത്തി നോക്കിട്ടു് മാത്രമേ അതിനു മറുപടിപറയാൻ സാധിയ്ക്കയുള്ളു.

Ill-treatment of Depressed Classes.

627. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകന്റെ സ്വന്തം ജാതിക്കാർ സാധുക്കളായ അധഃകൃതരെ മർദ്ദിക്കുന്ന സമ്പ്രദായം നിറുത്തൽ ചെയ്യുവാൻ സംരക്ഷകൻ വല്ലതും പ്രവൃത്തിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അങ്ങിനെ വരുമ്പോഴം നിയമാനുസരണം നടപടി നടത്തുന്നുണ്ടു്.

Supply of water, etc., Panambukad.

628 മിസ്റ്റർ കെ. പി. വള്ളോൻ—സംരക്ഷകൻ അവർകൾ പനമ്പുകാടു് മുതലായ സ്ഥലങ്ങളിലുള്ള അധഃകൃതർക്കു് ഓടിട്ട പുരകളും പൈപ്പു വെള്ളവും നൽകാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ളതു് ഇതുവരേയും കൊടുത്തുകാണാത്തതു് എന്തുകൊണ്ടാണു്.

രാമവമ്മതമ്പുരാൻ.—വാഗ്ദാനം ചെയ്തിട്ടില്ല. അക്കാര്യത്തിൽ പനമ്പുകാടു് അധഃകൃതരുടെ അപേക്ഷയും ഉണ്ടായിട്ടില്ല.

Trunk Roads, Ernakulam Municipality.

629. Mr. P. Krishna Menon.—Will the Government be pleased to state.—

(1) what is the total mileage of trunk roads within the Ernakulam Municipality if we accept the definition of trunk road as given by the Chief Engineer, as reported at page 1067 of Volume IV, 2nd Series, Part 12 of the Council report;

(2) what was the length of the trunk roads taken and relinquished by the Government in the Ernakulam Municipality;

3) what was the amount spent upon trunk roads by the Public Works Department in the year 1107 till the date of relinquishment,

(4) is there any reason for not treating (a) that portion of the road from the Cusba station northwards up to Town limits; (b) Thevara road, (c) Palathodu road, Hospital road, and Diwan's road as trunk roads?

Mr. V. K. Aravindaksha Menon.—(1) 4 miles and 7 furlongs.

(2) 4 miles and 7 furlongs.

(3) Rs. 1,726.

LIBRARY ARCHIVES Kerala Legislative Assembly